


# വിശുദ്ധ യൗസേപ്പ്

ഫാ. ജോസഫ് കോണിക്കൽ MCBS

Vol. 10, Issue: 45

ഇന്ന് മാർച്ച് 19. ഒരു സൗമ്യസാന്നിദ്ധ്യമായി നമ്മുടെ ഓർമ്മയിലേയ്ക്ക് ഒരു മുനിവര്യൻ - വി. യൗസേപ്പ് - കടന്നുവരുന്ന പുണ്യ ദിനം. വെളിച്ചം വിതറുന്ന, സുഖം പ്രസരിക്കുന്ന മൗനമാണ് വി. യൗസേപ്പിന്റെ മുഖമുദ്ര. അവൻ ഇന്ന് നമ്മെയും ക്ഷണിക്കുകയാണ്, മൗനത്തിന്റെ വിശുദ്ധനാട്ടിലേയ്ക്ക്.

ഇന്നു നാം വായിച്ചുകേട്ടത് വി. മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയ വി. യൗസേപ്പിന്റെ ജീവിതാനുഭവമാണ്. ഉറക്കം കെടുത്തുന്ന ചിന്തകളുമായി അസ്വസ്ഥനാകുന്ന ജോസഫിനെയാണ് സുവിശേഷകൻ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. വലിയൊരു പ്രതിസന്ധിയിലൂടെ ജോസഫ് നടന്നു. താനറിയാതെ തന്റെ ഭാര്യ ഗർഭിണിയായിരിക്കുന്നു. ഉലയുന്ന മനസ്സുമായി ജോസഫ് പ്രതിസന്ധിയെ നേരിടുന്നത് അതിശയിപ്പിക്കുന്ന വിധത്തിലാണ്. മറിയത്തെ മുറിപ്പെടുത്താൻ ജോസഫിന്റെ മനസ്സ് തയ്യാറാകുന്നില്ല. മറിയത്തിനു നേർക്ക് കുറ്റപ്പെടുത്തുന്ന രീതിയിൽ അവന്റെ വിരലുകൾ ചൂണ്ടപ്പെടുന്നില്ല. എന്നാൽ, തന്റെ ചിന്തയ്ക്കതീതമായതെന്തോ സംഭവിക്കുന്നുവെന്ന് ഊഹിക്കാനും ജോസഫിനു സാധിക്കുന്നില്ല. അതുകൊണ്ട്, മറിയത്തിന് ഒരു ആഘാതവും പറ്റാത്ത രീതിയിൽ 'രഹസ്യത്തിൽ ഉപേക്ഷിക്കാൻ' തീരുമാനിക്കുന്നു. നല്ല തീരുമാനങ്ങൾ ദൈവീകമാണ്. തീരുമാനങ്ങളിലൂടെയാണ് മനുഷ്യന്റെ ജീവിതത്തിലേയ്ക്ക് ദൈവീകതാളം കടന്നുവരുന്നത്. അപരനെ അപകടപ്പെടുത്തുന്ന, തിരസ്കരിക്കുന്ന തീരുമാനങ്ങളിൽ നിന്നും മാറിനിൽക്കണമെന്നാണ് വി. യൗസേപ്പ് നമ്മോട് ആവശ്യപ്പെടുന്നത്. തീരുമാനമെടുക്കുന്ന ജോസഫിനെ ഉറക്കം മാടിവിളിക്കുകയാണ്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ വ്യക്തിപരമായ ഒരു വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട് 'ഉറങ്ങുന്ന യൗസേപ്പിന്റെ' പ്രതിമ ഇന്നും ലോകപ്രശസ്തി നേടിയിട്ടുണ്ട്. വലിയ ഉത്തരവാദിത്വത്തിന്റെയും തീരുമാനമെടുക്കേണ്ട സന്ദർഭങ്ങളുടെയും വലിയ പ്രതിസന്ധികളുടെയും മുന്നിൽ നിൽക്കേണ്ടിവരുമ്പോൾ എവിടേയ്ക്കാണ് പ്രചോദനത്തിനു നോക്കുന്നത് എന്ന ചോദ്യത്തിന്, തന്റെ മുറിയിൽ, തന്റെ മേശമേൽ 'ഉറങ്ങുന്ന യൗസേപ്പിന്റെ' രൂപമുള്ള കാര്യം പിതാവ് വെളിപ്പെടുത്തി.

തീരുമാനമെടുത്ത ജോസഫിനെ ദൈവമാണ് ഉറക്കത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നത്. ആ ഉറക്കത്തിൽ യൗസേപ്പിന്റെ മനസ്സും ചിന്തയും ദൈവകരങ്ങളിലായി. ഇന്ന് വി. യൗസേപ്പിന്റെ മരണത്തിരുന്നാളാണ്. മരണം വലിയ സഹോദരനെങ്കിൽ ഉറക്കം മരണത്തിന്റെ ഇളയസഹോദരനാണ്. മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തുന്ന ദൈവത്തെ ഉൽപത്തിപ്പുസ്തകത്തിൽ (2:21) കാണാൻ സാധിക്കും. ഉണരുന്ന പുരുഷൻ കാണുന്നത്, തന്റെ മുമ്പിൽ നിൽക്കുന്ന സ്ത്രീയെയാണ്. അവൻ അവളെ ഭാര്യയായി സ്വീകരിച്ചു.

നിദ്രയിലാണ്ട ജോസഫിനെ ദൈവം സ്വപ്നലോകത്തേയ്ക്ക് കൂട്ടിക്കൊണ്ടു പോയി. കർത്താവിന്റെ ദൂതൻ ജോസഫിനു പ്രത്യക്ഷമാവുകയും അദ്ദേഹത്തിന്റെ മനസ്സിൽ നിന്നും സംശയങ്ങളെ പൂർണ്ണമായി മാറ്റാനുതകുംവിധം വെളിച്ചം വിതറുകയും ചെയ്തു. അങ്ങനെ ഒരുക്കപ്പെട്ട ജോസഫിനു രണ്ടു വലിയ രഹസ്യങ്ങളുടെ പൊരുൾ വെളിവാക്കിക്കിട്ടി: മറിയം ദൈവമാതാവ് ആണെന്നും അവളിൽ നിന്നും ജന്മമെടുക്കുന്ന ശിശു ദൈവപുത്രനാണെന്നും! മറിയത്തെയും യേശുവിനെയും അറിഞ്ഞ് അംഗീകരിച്ച ആദ്യമനുഷ്യനാണ് ജോസഫ്. തനിക്കു കിട്ടിയ വെളിപാടിന്റെ പ്രകാശത്തിൽ ജോസഫ്, തന്റെ തീരുമാനത്തിനു മാറ്റം വരുത്തി.

ദൈവദൂതൻ ജോസഫിനു നൽകുന്ന ദൗത്യം, മറിയത്തിലൂടെ ജന്മമെടുക്കുന്ന ശിശുവിന് 'യേശു എന്ന് പേരിടണം' എന്നുള്ളതാണ്. "ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു; അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു. അവൻ ശിശുവിന് യേശു എന്ന് പേരിട്ടു" (മത്തായി 1:24-25).

നിദ്രയിൽ നിന്നുണർന്ന ജോസഫ് രണ്ടു മഹാരഹസ്യങ്ങളുടെ പൊരുളറിഞ്ഞവനാണ്. അവൻ രഹസ്യങ്ങളുടെ കാവൽക്കാരനും സംരക്ഷകനുമായി മാറി. അങ്ങനെ മൗനം എന്ന അഭൗമികഭാവം അവന്റെ ജീവിതത്തിന്റെ മുഖമുദ്രയായി മാറി. മറിയത്തിന്റെയും യേശുവിന്റെയും കൂടെയുള്ള ജീവിതം ജോസഫിന് നക്ഷത്രത്തിന്റെയും സൂര്യന്റെയും സാമീപ്യത്തിലുള്ള ജീവിതം പോലെയായി. അവസാനം മാതാവിന്റെ മടിയിൽ, ഈശോയുടെ കൈകളിൽ പിടിച്ച് ഭാഗ്യമരണം വി. യൗസേപ്പിനു ലഭിച്ചു.

നമുക്കും പ്രാർത്ഥിക്കാം, ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, ഞങ്ങളുടെ ആവശ്യങ്ങളിൽ അങ്ങേപ്പക്കൽ ഓടിവന്ന് അങ്ങേ മദ്ധ്യസ്ഥതയെ ഞങ്ങൾ യാചിക്കുന്നു. ദൈവമാതാവായ അമലോത്ഭവ കന്യകയോട് അങ്ങയെ ഒന്നിപ്പിച്ച ദിവ്യസ്നേഹം ഞങ്ങളെയും മാതൃഭക്തിയിലേയ്ക്ക് നയിക്കട്ടെ. ഉണ്ണീശോയെ ആലിംഗനം ചെയ്ത അങ്ങേ പിതാവിനടുത്ത വാത്സല്യം ഞങ്ങളുടെ ഹൃദയങ്ങളെ ദൈവീകസത്യങ്ങളെ ആലിംഗനം ചെയ്യാൻ പ്രാപ്തമാക്കേണമെ.